**അനുശോചനം**

39 ഇന്ത്യാക്കാരെ ഐ.എസ്. ഭീകരർ കൊലപ്പെടുത്തിയത് സംബന്ധിച്ച്

മി. സ്പീക്കർ: ഇസ്ലാമിക് സ്റ്റേറ്റിന്റെ നിയന്ത്രണത്തിലായ ഇറാഖിലെ മൊസൂൾ നഗരത്തിൽനിന്ന് ഐ.എസ്. ഭീകരർ തട്ടിക്കൊണ്ട് പോയ 39 ഇന്ത്യക്കാരായ തൊഴിലാളികളെ 2014 ജൂണിൽ വെടിവച്ച് കൊലപ്പെടുത്തി. കൂട്ടക്കൊലയിൽനിന്ന് തലനാരിഴയ്ക്ക് രക്ഷപ്പെട്ട ശ്രീ. ഹർജിത് മസിഹ് തന്റെ കൺമുന്നിൽ വച്ചാണ് അവരെ വെടിവച്ച് കൊന്നതെന്ന് വെളിപ്പെടുത്തിയിരിക്കുകയാണ്. കഴിഞ്ഞ നാല് വർഷമായി കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും നീണ്ട കാത്തിരിപ്പ് കണ്ണീരിൽ കുതിർന്ന് വൃഥാവിലായി. കുടുംബം പോറ്റാൻ കഠിനമായ സാഹചര്യങ്ങളിൽ വിദേശത്ത് ജോലി ചെയ്തിരുന്ന നമ്മുടെ സഹോദരൻമാർ അതിക്രൂരമായി കൊല ചെയ്യപ്പെട്ട സംഭവം ഹൃദയഭേദകമാണ്. മാനവികതയ്ക്ക് എതിരായ കുറ്റകൃത്യങ്ങൾ അവസാനിപ്പിക്കേണ്ടതാണ്. സഭ ഈ സംഭവത്തിൽ ആശങ്കയും പ്രതിഷേധവും രേഖപ്പെടുത്തുന്നു. അപലപിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങയുടെ വാക്കുകളോട് പൂർണ്ണമായും യോജിക്കുകയാണ്. ഇറാഖിൽ മൂന്നര വർഷം മുൻപ് ഐ.എസ്. ഭീകരരുടെ പിടിയിലായ 39 ഇന്ത്യക്കാരെ കൊലപ്പെടുത്തിയ സംഭവത്തെ നിയമസഭ

ഒന്നടങ്കം അപലപിക്കേണ്ടത് തന്നെയാണ്. കുടുംബാംഗങ്ങളോട് നിയമസഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുകയാണ്. 2014 ജൂണിൽ ഇറാഖിലെ മൊസൂളിൽ ഭീകരർ ബന്ധികളാക്കിയ നിർമ്മാണ തൊഴിലാളികളെയാണ് ഇത്തരത്തിൽ കൂട്ടക്കൊല ചെയ്തിട്ടുള്ളത്. പഞ്ചാബിൽനിന്നുള്ള 27 പേരും ബീഹാറിൽനിന്നുള്ള 6 പേരും ഹിമാചൽ പ്രദേശിൽനിന്നുള്ള 4 പേരും ബംഗാളിൽനിന്നുള്ള 2 പേരുമാണ് ഇത്തരത്തിൽ കൊല്ലപ്പെട്ടിട്ടുള്ളത് എന്ന വിവരം പാർലമെന്റിൽ വിദേശകാര്യ മന്ത്രി ശ്രീമതി സുഷമാ സ്വരാജ് ഇപ്പോൾ വ്യക്തമാക്കിയിരിക്കുകയാണ്.

ഇത്തരം ദാരുണമായ സംഭവങ്ങൾ ഉണ്ടാകുമ്പോൾ ആദ്യമായി ബന്ധുക്കളെ അറിയിക്കുകയാണ് വേണ്ടത്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി പാർലമെന്റിൽ നേരിട്ട് അറിയിക്കുന്ന രീതിയാണ് ഉണ്ടായിട്ടുള്ളത്. ബന്ധികളാക്കപ്പെട്ടവർ കൊല്ലപ്പെട്ടു എന്ന് രക്ഷപ്പെട്ട് ഇന്ത്യയിൽ മടങ്ങിയെത്തിയ ദൃക്സാക്ഷി ശ്രീ. ഹർജിത് മസിഹിന്റെ വെളിപ്പെടുത്തൽ കേന്ദ്ര സർക്കാർ ഇത്ര കാലവും അവഗണിക്കുകയായിരുന്നു. മാത്രമല്ല, ശ്രീ. ഹർജിത് മസിഹ് നുണ പറയുകയാണ് എന്ന് ആരോപിച്ചും കള്ളക്കേസ് ചാർജ് ചെയ്തും അദ്ദേഹത്തെ ജയിലിൽ അടയ്ക്കുകയും ചെയ്തു. ഈ പ്രശ്നം സംബന്ധിച്ച് പാർലമെന്റിൽ പ്രസ്താവന നടത്തേണ്ടി വന്ന

സന്ദർഭങ്ങളിലെല്ലാം വസ്തുത സഭയിൽനിന്ന് മറച്ചുവയ്ക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിച്ചത്. ഇത് അങ്ങേയറ്റം ഖേദകരമാണ്. മനുഷ്യത്വ രഹിതമായ നടപടിയായി മാത്രമേ ഇതിനെ കാണാൻ കഴിയുകയുള്ളൂ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അങ്ങും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. 3 വർഷം മുമ്പ് ഇറാഖിലെ മൊസൂളിൽ ഐ.എസ്. ഭീകരർ തട്ടിക്കൊണ്ട് പോയ 39 ഇന്ത്യൻ തൊഴിലാളികൾ കൊല്ലപ്പെട്ടു എന്നുള്ള വിവരം ഇന്നലെയാണ് വിദേശകാര്യ വകുപ്പുമന്ത്രി ശ്രീമതി സുഷമാ സ്വരാജ് പാർലമെന്റിനെ അറിയിച്ചത്. അവരുടെ ഭൗതിക ശരീരങ്ങൾ പ്രത്യേക വിമാനത്തിൽ ഇന്ത്യയിലേയ്ക്ക് കൊണ്ടുവരുമെന്നും അവർ പറഞ്ഞിട്ടുണ്ട്. 4 വർഷം മുമ്പാണ് ഈ 40 പേരെ തട്ടിക്കൊണ്ട് പോയത്. ഐ.എസ്. ഭീകരർ തട്ടിക്കൊണ്ട് പോയതിൽനിന്ന് ശ്രീ. ഹർജിത് മസിഹ് മാത്രമാണ് രക്ഷപ്പെട്ടത്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ, ശ്രീ. ഹർജിത് മസിഹ് തന്നെ നിരവധി അവസരങ്ങളിൽ തന്റെ കൺമുന്നിൽവച്ച് ഇന്ത്യൻ തൊഴിലാളികളെ വെടിവച്ചു കൊന്നു എന്നുള്ള വാർത്ത അറിയിച്ചിട്ടും കേന്ദ്ര ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ല. എന്നുമാത്രമല്ല ആ വിവരങ്ങൾ 4 വർഷമായും പാർലമെന്റിനെയും ബന്ധുക്കളെയും മറച്ചു വയ്ക്കുകയാണ് കേന്ദ്ര

ഗവൺമെന്റ് ചെയ്തത്. അതിന്റെ സത്യാവസ്ഥ അറിയാൻ വേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളും ബന്ധുക്കൾ നടത്തിയിട്ടും കേന്ദ്ര ഗവൺമെന്റ് അക്കാര്യം മറച്ചു വയ്ക്കുകയാണുണ്ടായത്.

ഇന്നലെ ഇറാഖ് ഗവൺമെന്റ് അത് പ്രഖ്യാപിക്കാൻ പോകുന്നു എന്ന് അറിഞ്ഞുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് ഇത് പ്രഖ്യാപിച്ചതെന്നാണ് ഇന്ന് എല്ലാ ദേശീയ വാർത്താ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇറാഖ് അധികൃതരുടെ സഹായത്തോടുകൂടി നടത്തിയ ഒരു തിരച്ചിലിലാണ് ഡി.എൻ.എ. പരിശോധനയിലൂടെയാണ് ഇവരാണെന്ന് കണ്ടെത്തിയിട്ടുള്ളത്. പഞ്ചാബിലെ ആളുകൾ ധരിക്കുന്ന വളയും (കട എന്ന് പറയും), നീണ്ട മുടി, ഐഡന്റിറ്റി കാർഡ് എന്നിവയെല്ലാം പരിശോധിച്ചപ്പോഴാണ് ഇത് മനസ്സിലാക്കാൻ കഴിഞ്ഞതെന്നാണ് ദേശീയ മാധ്യമങ്ങൾ വ്യക്തമാക്കുന്നത്. ഇതേ പോലൊരു സംഭവമായിരുന്നു, 46 മലയാളികളായ നഴ്സുമാരെ ഐ.എസ്. ഭീകരർ തട്ടിക്കൊണ്ട് പോയ സംഭവം. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഫലപ്രദമായ ഇടപെടൽ നടത്തിയതുകൊണ്ട് മാത്രമാണ് നമുക്ക് അന്നവരെ മോചിപ്പിക്കാൻ കഴിഞ്ഞത് എന്നുള്ളത് ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. സമീപകാലത്ത് രാജ്യം നേരിട്ട ഒരു ദുരന്തമായി നമുക്ക് ഇതിനെ കണക്കാക്കാൻ കഴിയും. ഐക്യരാഷ്ട്ര

സഭപോലും ഇതിനെ ശക്തമായി അപലപിച്ചിരിക്കുകയാണ്.

ഐ.എസ്. ഭീകരർ നടത്തിയ ഈ ഭീകരമായ കൊലപാതകം ഞെട്ടലോടുകൂടിയാണ് ലോകം ശ്രവിച്ചത്. തിരിച്ചു വരുമെന്ന് കരുതി 4 വർഷമായി പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ബന്ധുക്കൾക്ക് ലഭിച്ചത് ഈ ക്രൂരമായ വാർത്തയാണ്. ക്രൂരവും പ്രാകൃതവുമായ ഈ നടപടി എല്ലാവരും ഒറ്റക്കെട്ടായി അപലപിക്കേണ്ടതാണ്. I express my deepest condolences to the bereaved families.